"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മീഷൻ അംഗമായി ശ്രീമതി. ഇന്ദിര.റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ്**

സ.ഉ.(കൈ) നം.21/2025/LAW    തീയതി,തിരുവനന്തപുരം, #ApprovedDate#

---

പരാമർശം:-    സ.ഉ.(എം.എസ്.) 45/2017/നിയമം തീയതി, 09.03.2017.

**ഉത്തരവ്**

ശ്രീ. ജസ്റ്റിസ് കെ.റ്റി. തോമസ് അദ്ധ്യക്ഷനായി മേൽ പരാമർശം പ്രകാരം രൂപീകരിച്ച കേരള നിയമ പരിഷ്കരണ കമ്മീഷനിലെ അംഗമായിരുന്ന ശ്രീമതി. ലിസമ്മ അഗസ്റ്റിൻ നിര്യാതയായ സാഹചര്യത്തിൽ, പ്രസ്തുത ഒഴിവിലേയ്ക്ക് ശ്രീമതി. ഇന്ദിര. റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ അംഗമായി ഉൾപ്പെടുത്തി ക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K G SANAL KUMAR,**

നിയമ സെക്രട്ടറി.

1. ശ്രീമതി. ഇന്ദിര. റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം,
വൃന്ദാവൻ കോളനി, പാലക്കാട്-678001.
2. ചെയർമാൻ, കേരള നിയമ പരിഷ്കരണ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

5. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

6. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

7. പൊതുഭരണ (എസ്സി)) വകുപ്പ്

[മന്ത്രിസഭാ യോഗ തീരുമാനം, ഇനം നം.2755, തീയതി.27/02/2025]

8. സെക്രട്ടറി, കേരള നിയമ പരിഷ്കരണ കമ്മീഷൻ, തിരുവനന്തപുരം.

9. ധനകാര്യ (വ്യയം-എ) വകുപ്പ്

10. നിയമ സെക്രട്ടറിയുടെ പി.എ

11. നിയമ (സ്പെഷ്യൽ സെൽ ) അഡീഷണൽ സെക്രട്ടറിയുടെ സി.എ

12. നിയമ (നോഡൽ) വകുപ്പ്

13. ഇൻഫർമേഷൻ ഓഫീസർ, ഐ. ആന്റ് പി.ആർ.ഡി, വെബ് ആന്റ് ന്യൂ മീഡിയ

14. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

Signed by
Manoj K
സെക്ഷൻ ഓഫീസർ
Date: 28-02-2025 15:25:10

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മീഷൻ അംഗമായി ശ്രീമതി. ഇന്ദിര.റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ നിയമിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന് പ്രാബല്യ തീയതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ്**

സ.ഉ.(കൈ) നം.24/2025/LAW തീയതി, തിരുവനന്തപുരം, 03-03-2025

---

പരാമർശം:- 1. സ.ഉ.(എം.എസ്) നം. 45/2017നിയമം തീയതി, 09.03.2017.

2. സ.ഉ.(കൈ) നം. 21/2025/Law

**ഉത്തരവ്**

ശ്രീ. ജസ്റ്റീസ് കെ.റ്റി.തോമസ് അദ്ധ്യക്ഷനായി പരാമർശം (1) ഉത്തരവ് പ്രകാരം രൂപീകരിച്ച കേരള നിയമ പരിഷ്കരണ കമ്മീഷനിലെ അംഗമായിരുന്ന ശ്രീമതി. ലിസമ്മ അഗസ്റ്റിൻ നിര്യാതയായ ഒഴിവിലേയ്ക്ക് ശ്രീമതി. ഇന്ദിര.റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ അംഗമായി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം 28.02.2025-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ഇ-ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ഉണ്ടായ സാങ്കേതിക പിഴവ് കാരണം പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ, ഉത്തരവ് അംഗീകരിക്കുമ്പോൾ തന്നെ ജനറേറ്റു ചെയ്യപ്പെടുന്ന തീയതി ഉൾപ്പെട്ട് വന്നിട്ടില്ലാത്തതാണ്. പരാമർശം (2) പ്രകാരമുള്ള ഉത്തരവ് അംഗീകരിച്ച് തീയതി രേഖപ്പെടുത്താതെ വന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള നിയമ പരിഷ്കരണ കമ്മീഷനിലെ അംഗമായിരുന്ന ശ്രീമതി. ലിസമ്മ അഗസ്റ്റിൻ നിര്യാതയായ ഒഴിവിലേയ്ക്ക് ശ്രീമതി. ഇന്ദിര.റ്റി. (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ അംഗമായി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന് 28.02.2025 തീയതി പ്രാബല്യം നൽകി ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത ഭേദഗതിയോടെ, പരാമർശം (2) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K G SANAL KUMAR,

നിയമ സെക്രട്ടറി.

1. ശ്രീമതി. ഇന്ദിര. റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം,
   വൃന്ദാവൻ കോളനി, പാലക്കാട്-678001.
2. ചെയർമാൻ, കേരള നിയമ പരിഷ്കരണ കമ്മീഷൻ, തിരുവനന്തപുരം
   (ആമുഖ കത്ത് സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
5. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
6. ബഹു നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
7. പൊതുഭരണ (എസ്‌സി)) വകുപ്പ്
   (മന്ത്രിസഭാ യോഗ തീരുമാനം, ഇനം നം.2755, തീയതി.27/02/2025]
8. സെക്രട്ടറി, കേരള നിയമ പരിഷ്കരണ കമ്മീഷൻ, തിരുവനന്തപുരം.
9. ധനകാര്യ (വ്യയം-എ) വകുപ്പ്
10. നിയമ സെക്രട്ടറിയുടെ പി.എ
11. നിയമ (സ്പെഷ്യൽ സെൽ ) അഡീഷണൽ സെക്രട്ടറിയുടെ സി.എ
12. നിയമ (നോഡൽ) വകുപ്പ്
13. ഇൻഫർമേഷൻ ഓഫീസർ, ഐ. ആന്റ് പി.ആർ.ഡി. വെബ് ആന്റ് ന്യൂ മീഡിയ
14. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

Signed by
Manoj K
Date: 04-03-2025 09:48:08

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 27-02-2025**

ഫയൽ നം. സ്പെ.സെൽ/88/2024/നിയമം. ഇനം നം: 2755

വിഷയം : നിയമ വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മീഷനിൽ നിലവിലുള്ള അംഗത്തിന്റെ ഒഴിവിൽ ശ്രീമതി. ഇന്ദിര.റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട് - 678001-യെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സ്പെ.സെൽ/88/2024-നിയമം |
| 2. | വകുപ്പ് | : | നിയമ(യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ് |
| 3. | വിഷയം | : | കേരള നിയമ പരിഷ്കരണ കമ്മിഷനിൽ നിലവിലുള്ള അംഗത്തിന്റെ ഒഴിവിൽ ശ്രീമതി ഇന്ദിര. റ്റി (റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001 -യെ നിയമിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.12.2024 |
| 5. | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ, ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ നിയമ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/02/2025. |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/02/2025. |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/02/2025. |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25/02/2025. |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/ കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള നിയമ പരിഷ്കരണ കമ്മിഷൻ അംഗമായിരുന്ന ശ്രീമതി ലിസമ്മ അഗസ്റ്റിന്റെ മരണത്തെത്തുടർന്ന് കമ്മിഷനിൽ ഉണ്ടായ ഒരു അംഗത്തിന്റെ ഒഴിവിലേയ്ക്ക് ശ്രീമതി ഇന്ദിര റ്റി.(റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും, പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ചുമുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി ജസ്റ്റിസ് (റിട്ട.) കെ.റ്റി. തോമസ് ചെയർമാനായും ശ്രീ. കെ. ശശിധരൻ നായർ വൈസ് ചെയർമാനായും, ഡോ. എൻ.കെ. ജയകുമാർ, അഡ്വ.എം.കെ. ദാമോദരൻ, ശ്രീമതി ലിസമ്മ അഗസ്റ്റിൻ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ, 09.03.2017 തീയതിയിലെ സ.ഉ.(എം.എസ്.) 45/2017/നിയമം നമ്പർ ഉത്തരവ് പ്രകാരം കേരള നിയമ പരിഷ്കരണ കമ്മിഷൻ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് അനുബന്ധം "എ" ആയി ചേർത്തിട്ടുണ്ട്.

3. കമ്മിഷനിലെ അംഗമായിരുന്ന ശ്രീ. എം.കെ. ദാമോദരന്റെ നിര്യാണത്തെ തുടർന്നുണ്ടായ ഒഴിവിൽ റിട്ടയേർഡ് ജില്ലാ ജഡ്ജിയായ ശ്രീ. കെ. ജോർജ്ജ് ഉമ്മനെ അംഗമായി നിയമിച്ചുകൊണ്ട് സർക്കാർ, 16.02.2018 തീയതിയിലെ സ.ഉ.(എം.എസ്) നം. 24/2018/നിയമം നമ്പർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് അനുബന്ധം "ബി" ആയി ചേർത്തിട്ടുണ്ട്.

4. കേരള നിയമ പരിഷ്കരണ കമ്മിഷൻ അംഗമായിരുന്ന ശ്രീമതി ലിസമ്മ അഗസ്റ്റിൻ 30.05.2024-ന് നിര്യാതയായ വിവരം കമ്മിഷൻ സെക്രട്ടറി 31.05.2024 തീയതിയിലെ കത്ത് മുഖേന സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത കത്ത് അനുബന്ധം "സി" ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത വിവരം അറിയിക്കുന്നതിലേയ്ക്കായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ കേരള നിയമ പരിഷ്കരണ കമ്മീഷനിൽ നിലവിലുള്ള ഒഴിവിൽ അംഗമായി ശ്രീമതി ഇന്ദിര റ്റി.(റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ നിയമിക്കാവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ് എന്ന് അഭിപ്രായം രേഖപ്പെടുത്തി ബഹു. നിയമ വകുപ്പ് മന്ത്രി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം ബഹു. മുഖ്യമന്ത്രി 18.12.2024 തീയതിയിൽ അംഗീകരിച്ചിട്ടുള്ളതാണ്. അപ്രകാരം, മന്ത്രിസഭായോഗത്തിന് സമർപ്പിക്കാനുള്ള കുറിപ്പുകളുടെ കരടുകൾ അംഗീകരിക്കുന്നതിനായി ഫയൽ ബഹു. ചീഫ് സെക്രട്ടറി മുഖേന ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് ഒരു സ്റ്റാറ്റസ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തുവാൻ വേണ്ടി ബഹു. ചീഫ് സെക്രട്ടറി 14.01.2025-ൽ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, കമ്മീഷനിൽ നിന്നും 07.02.2025-ൽ ലഭ്യമാക്കിയ വിശദാംശങ്ങളുടെയും നിയമ വകുപ്പിലെ നിയമനിർമ്മാണ സെക്ഷനുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് അനുബന്ധം "ഡി" ആയി ചേർത്തിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

കേരള നിയമ പരിഷ്കരണ കമ്മിഷനിൽ നിലവിലുള്ള ഒഴിവിൽ അംഗമായി ശ്രീമതി ഇന്ദിര റ്റി.(റിട്ടയേർഡ് ജില്ലാ ജഡ്ജി), ഉദയം, വൃന്ദാവൻ കോളനി, പാലക്കാട്-678001-യെ നിയമിക്കാവുന്നതാണോ ?